ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 20.07.2024** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാരിൻറെ നേതൃത്വത്തിൽ നാളെ സർവകക്ഷി യോഗം ചേരും.

   **Government has convened an all-party meeting tomorrow ahead of the Budget Session of Parliament.**

2. മൈക്രോസോഫ്റ്റ് സാങ്കേതിക തകരാറിനെ തുടർന്ന് പ്രതിസന്ധിയിലായ ആഗോള സേവന മേഖല പൂർവ്വസ്ഥിതിയിലേക്ക്. വിമാനത്താവളിൽ നേരിട്ട തടസം പരിഹരിച്ചു വരുന്നതായി വ്യോമയാന മന്ത്രാലയം.

   **Multiple services around the world are slowly recovering after a massive IT outage affected computer systems for hours yesterday. In India Civil Aviation Ministry has said that Airline systems across airports have started working normally.**

3. കർണാടക ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ ലോറി ഡ്രൈവർ അർജുനായുള്ള തെരച്ചിൽ ഊർജ്ജിതം. റഡാർ പരിശോധന പുരോഗമിക്കുന്നു.

   **The search for the Kozhikode native Arjun who went missing in Karnataka Landslide is underway. Search using Radar is also in progress.**

4. മൂന്നാമത് ഇന്ത്യ-ഭൂട്ടാൻ വികസന സഹകരണ ചർച്ചക്ക് ഭൂട്ടാനിൽ തുടക്കം. ഇരു രാജ്യങ്ങളുടെയും ബന്ധം കൂടുതൽ ശക്തിപ്പെടുമെന്ന് വിലയിരുത്തൽ.

   **3rd India-Bhutan Development Cooperation Talks began in Bhutan. The relation between the two nations are expected to be strengthen with the talks.**

5. ബംഗ്ലാദേശിലെ ആഭ്യന്തര പ്രക്ഷോഭങ്ങളിൽ മരിച്ചവരുടെ എണ്ണം 105 ആയി. രാജ്യത്ത് കർഫ്യു പ്രഖ്യാപിച്ചു.

**In Bangladesh, 105 people died in the ongoing protest. Curfew has been impose in the nation**

6. ശ്രീലങ്കയിൽ നടക്കുന്ന ഏഷ്യ കപ്പ് വനിതാ ട്വന്റി - 20 ഗ്രൂപ്പ് മത്സരങ്ങളിൽ ഇന്ന് തായ്‌ലൻഡ് - മലേഷ്യയെ നേരിടും.

**In Asia cup Women T 20 cricket, Thailand will face Malaysia today.**

&&&&&&&&&&&&&&&&

## HEADLINE – 1
## GOVT - ALL PARTY MEET

പാർലമെന്റിന്റെ ബജറ്റ് സെഷന് മുന്നോടിയായി കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ നാളെ സർവകക്ഷി യോഗം ചേരും. പാർലമെന്റിൻറെ വർഷകാല സമ്മേളനം തിങ്കളാഴ്ച ആരംഭിക്കാനിരിക്കെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്താൻ നാളത്തെ യോഗത്തിൽ എല്ലാ പാർട്ടികളോടും സർക്കാർ അഭ്യർഥിക്കും. ചൊവ്വാഴ്ചയാണ് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ ബജറ്റ് അവതരിപ്പിക്കുന്നത്. മൂന്നാം നരേന്ദ്രമോദി സർക്കാരിൻറെ ആദ്യ ബഡ്ജറ്റാണിത്. അടുത്തമാസം 12 വരെയാണ് പാർലമെൻറ് ചേരുന്നത്. രാജ്യത്തിൻറെ ഭാവിയെക്കുറിച്ചുള്ള കേന്ദ്രസർക്കാരിൻറെ കാഴ്ചപ്പാടുകൾ നടപ്പിലാക്കാൻ പ്രാപ്തമായ ഒന്നായിരിക്കും ഈ ബഡ്ജറ്റെന്ന് പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യവേ നേരത്തെ രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞിരുന്നു.

&&&&&&&&&&&&&&&&

## HEADLINE – 2
## IT OUTAGE - INTRO

മൈക്രോസോഫ്റ്റ് സാങ്കേതിക തകരാറിനെ തുടർന്ന് പ്രതിസന്ധിയിലായ ആഗോള സേവന മേഖല പൂർവ സ്ഥിതിയിലേക്കെത്തുന്നു. വിമാന സർവീസുകൾ മുതൽ ആരോഗ്യ രംഗം വരെ, ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളെയാണ് മൈക്രോസോഫ്റ്റിലുണ്ടായ സാങ്കേതിക തകരാർ ബാധിച്ചത്. തകരാറിനെ തുടർന്ന് പ്രതിസന്ധിയിലായ, ഇന്ത്യയിലെ വിമാനത്താവളങ്ങളുടെ പ്രവർത്തനം പൂർവസ്ഥിതിയിലായതായി വ്യോമയാന മന്ത്രാലയം അറിയിച്ചു.

**വിശദാംശങ്ങളിലേക്ക്......**

(വോയ്സ്)

*മൈക്രോസോഫ്റ്റ് വിൻഡോസിലെ സൈബർ സുരക്ഷാ സംവിധാനമായ ക്രൗഡ്സ്ട്രൈക്ക് നിശ്ചലമായതോടെ, ലോകമെമ്പാടുമുള്ള ബാങ്കിംഗ് സേവനങ്ങൾ, വ്യാപാരം, ആശുപത്രികൾ, വിമാന സർവീസുകൾ എന്നിവ വ്യാപകമായി തടസപ്പെട്ടു. പ്രശ്നം പരിഹരിക്കുന്നതിനും ഉപഭോക്താക്കൾക്ക് സാങ്കേതിക മാർഗനിർദേശങ്ങൾ നൽകുന്നതിനുമായി ക്രൗഡ്സ്ട്രൈക്കുമായി ചേർന്ന് പ്രവർത്തിച്ചു വരികയാണെന്ന് മൈക്രോസോഫ്റ്റ് മേധാവി സത്യ നാരായണ നാദെല്ല സമൂഹമാധ്യമത്തിൽ കുറിച്ചു. സാങ്കേതിക തകരാറുണ്ടായതിൽ ക്രൗഡ്സ്ട്രൈക്കിൻറെ മേധാവിയും ക്ഷമാപണം നടത്തി. എയർലൈൻ സേവനങ്ങൾ സാധാരണ നിലയിലേക്ക് മടങ്ങിയെങ്കിലും, ചിലയിടങ്ങളിൽ സേവനങ്ങൾ റദ്ദാക്കുകയും കാലതാമസമുണ്ടാവുകയും ചെയ്യുന്നുണ്ട്. മിക്ക വിമാനത്താവളങ്ങളിലും യാത്രക്കാരുടെ തിരക്കും തുടരുന്നതായാണ് റിപ്പോർട്ട്. അതേസമയം, രാജ്യത്തെ*

*വ്യോമഗതാഗതത്തിൽ നേരിട്ട പ്രതിസന്ധി പരിഹരിച്ചു വരുന്നതായി വ്യോമയാന മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. യാത്രാപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും യാത്ര തടസപ്പെട്ടവർക്കുള്ള പണം തിരിക നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.*

***ന്യൂസ്ഡെസ്ക്, ആകാശവാണി....***

&&&&&&&&&&&&&&&&

## TVPM AIRPORT

മൈക്രോസോഫ്റ്റ് തകരാർ മൂലം തിരുവനന്തപുരം എയർപോർട്ടിലെ എയർലൈൻ സർവീസുകളിൽ ഉണ്ടായ പ്രതിസന്ധി പൂർണമായും പരിഹരിച്ചതായി അധികൃതർ അറിയിച്ചു. ഇൻഡിഗോ ഉൾപ്പെടെയുള്ള എയർലൈനുകൾ ചെക്ക് ഇൻ നടപടികൾ ഓൺലൈൻ വഴി പുനരാരംഭിച്ചു.

&&&&&&&&&&&&&&&&

## INDIA-WORLD HERITAGE

ലോക പൈതൃക സമിതി സമ്മേളനത്തിന് ഇന്ത്യ ആതിഥേയത്വം വഹിക്കുന്നതിലൂടെ രാജ്യത്തിന്റെ സാംസ്കാരിക മഹത്വം പുതിയ ഉയരങ്ങളിലേക്ക് എത്തുമെന്ന് കേന്ദ്ര സാംസ്കാരിക ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്. നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിക്കുന്ന ലോക പൈതൃക സമിതിയുടെ 46-ാമത് സമ്മേളനത്തിന് മുന്നോടിയായി നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ ആദ്യമായി ആതിഥേയത്വം വഹിക്കുന്ന പരിപാടി, പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉദ്ഘാടനം ചെയ്യും. സമ്മേളനം ഈ മാസം 31ന് സമാപിക്കും.

&&&&&&&&&&&&&&&&&

## HEADLINE – 3
## KARNATAKA - LANDSLIDE

കർണാടക ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ ലോറി ഡ്രൈവർ അർജുനായുള്ള തെരച്ചിൽ ഊർജ്ജിതമായി പുരോഗമിക്കുന്നു. സൂറത്കൽ എൻ ഐ ടി യിൽ നിന്നുള്ള സംഘത്തിൻറെ നേതൃത്വത്തിൽ റഡാർ പരിശോധന പുരോഗമിക്കുകയാണ്. രാവിലെ 6 മുതൽ ദേശീയ-സംസ്ഥാന ദുരന്ത പ്രതിരോധ സേന, അഗ്നി ശമന സേന, പോലീസ് എന്നി വിഭാഗങ്ങൾ സംഭവസ്ഥലത്തു സജീവമാണ്.

&&&&&&&&&&&&&&&&&

## IMD

ഗുജറാത്ത്, കൊങ്കൺ, ഗോവ, കർണാടകയുടെ തീരദേശ മേഖല, കർണാടകയുടെ തെക്കൻ ഉൾമേഖല എന്നിവിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിന് പുറമേ തെലങ്കാന, തീരദേശ ആന്ധ്രാ, ഒഡിഷ, വിധർഭ, ഛത്തീസ്ഗഢ്, മധ്യപ്രദേശ് എന്നിവിടങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&

## KERALA RAIN

കേരളത്തിൽ വടക്കൻ ജില്ലകളിൽ മഴക്ക് നേരിയ ശമനം ഉണ്ടെങ്കിലും മഴക്കെടുതി രൂക്ഷമായി തുടരുകയാണ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. വയനാട് ജില്ലയിൽ 45 ദുരിതാശ്വാസ ക്യാമ്പുകളിലായി 2616 പേരാണ് ഉള്ളത്.

കണ്ണൂരിലും മഴയ്ക്ക് നേരിയ ശമനമുണ്ട്. ജില്ലയിൽ ഏഴു ദുരിതാശ്വാസ ക്യാമ്പുകളിലായി 76 പേരെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അടുത്ത നാലു ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് നിർദ്ദേശം.

&&&&&&&&&&&&&&&&

## GUJARAT-FLOODS

ഗുജറാത്തിൽ, സൗരാഷ്ട്രയുടെ തീരദേശ ജില്ലകളിൽ കഴിഞ്ഞ രണ്ട് ദിവസമായി തുടരുന്ന കനത്ത മഴയിൽ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. ഇതിനെ തുടർന്ന് പോർബന്തർ, ദേവഭൂമി ദ്വാരക ജില്ലകളിലെ ജനജീവിതം താറുമാറായി. 57 ഗ്രാമങ്ങളെയാണ് പ്രളയം ബാധിച്ചത്. ഇവിടെ ദേശീയ-സംസ്ഥാന ദുരന്ത സേനകളുടെ 10 സംഘങ്ങളെ വീതം വിന്യസിച്ചു. അടുത്ത രണ്ട് ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യത യുള്ള സൗരാഷ്ട്രയിലെയും ദക്ഷിണ ഗുജറാത്തിലെയും ഒമ്പത് ജില്ലകളിൽ ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 4
## FOREIGN SEC - BHUTAN

മൂന്നാമത് ഇന്ത്യ-ഭൂട്ടാൻ വികസന സഹകരണ ചർച്ചക്ക് ഭൂട്ടാനിൽ തുടക്കം. വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രിയുടെയും ഭൂട്ടാൻ വിദേശകാര്യമന്ത്രി ഓം പേമ ചോഡന്റെയും നേതൃത്വത്തിലാണ് ചർച്ച. കൂടിക്കാഴ്ചയിൽ, 13-ാം പഞ്ചവത്സര പദ്ധതി കാലയളവിലെ വികസന പ്രവർത്തനങ്ങളും വിവിധ

മേഖലകളിലെ സഹകരണവും ഇരു വിദേശകാര്യ സെക്രട്ടറിമാരും അവലോകനം ചെയ്തു. രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഭൂട്ടാനിൽ എത്തിയ ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി ഇന്നലെ ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിങ് തോബ്ഗെയുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ഭൂട്ടാൻ ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് ശ്രീ വിക്രം മിശ്രി അറിയിച്ചു.

&&&&&&&&&&&&&&&&

## NEET RESULT

ഈ വർഷം മെയിൽ നടന്ന നീറ്റ് - യു ജി പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ദേശീയ പരീക്ഷാ ഏജൻസി പ്രസിദ്ധീകരിച്ചു. സുപ്രീംകോടതി നിർദേശിച്ചത് പ്രകാരമാണ് വിശദമായ മാർക്ക് ലിസ്റ്റ് NTA യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്. വിദ്യാർത്ഥികളുടെ പേര് വിവരങ്ങൾ നൽകാതെ, നഗരം കേന്ദ്രം അടിസ്ഥാനമാക്കിയുള്ള ഫലങ്ങളാണ് പുറത്തു വിട്ടിരിക്കുന്നത്.

&&&&&&&&&&&&&&&&

## HEADLINE – 5

## BANGLADESH -CURFEW

ബംഗ്ലാദേശിൽ തുടരുന്ന പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ രാജ്യത്ത് സായുധ സേനയെ വിന്യസിക്കുകയും കർഫ്യൂ ഏർപ്പെടുത്തുകയും ചെയ്തു. സർക്കാർ ഉദ്യോഗങ്ങളിലെ സംവരണ സമ്പ്രദായത്തിൽ മാറ്റം കൊണ്ടുവരണമെന്നാവശ്യപ്പെട്ടാണ് രാജ്യത്ത് വിദ്യാർത്ഥികൾ പ്രക്ഷോഭം നടത്തുന്നത്. പൊലീസും വിദ്യാർത്ഥികളുമായുണ്ടായ ഏറ്റുമുട്ടലിൽ ഇതുവരെ 105 പേരാണ് കൊല്ലപ്പെട്ടത്.

&&&&&&&&&&&&&&&&&&

## HEADLINE – 6
## WOMENS CRICKET

ശ്രീലങ്കയിൽ നടക്കുന്ന ഏഷ്യ കപ്പ് വനിതാ ട്വൻറി - 20 ഗ്രൂപ്പ് മത്സരങ്ങളിൽ ഇന്ന് തായ്‌ലൻഡ് - മലേഷ്യയെ നേരിടും. ഉച്ചക്ക് രണ്ടു മണിക്കാണ് മത്സരം. രാത്രി ഏഴു മണിക്ക് നടക്കുന്ന മറ്റൊരു മത്സരത്തിൽ ശ്രീലങ്ക - ബംഗ്ലാദേശുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന മത്സരങ്ങളിൽ ഇന്ത്യ പാകിസ്ഥാനെയും നേപ്പാൾ - UAE യെയും പരാജയപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&&&&&

## ARMED PERSONNEL - OLYMPICS

2024 പാരീസ് ഒളിംപിക്സിൽ ഇത് ആദ്യമായി ഇന്ത്യൻ സായുധസേനയിൽ നിന്നുള്ള വനിതകൾ പങ്കെടുക്കുമെന്ന് പ്രതിരോധ മന്ത്രാലയം. 117 ഇന്ത്യൻ അത്‌ലറ്റുകളിൽ സായുധ സേനയിൽ നിന്നുള്ള രണ്ട് വനിതകളാണ് ഇത്തവണയുള്ളത്. ജാവലിൻ ത്രോയിൽ ഇന്ത്യയുടെ അഭിമാനമായ നീരജ് ചോപ്ര ഉൾപ്പെടെ 22 പുരുഷന്മാരും ഇന്ത്യൻ സേനയിൽ നിന്ന് ഒളിപിക്സൽ പങ്കെടുക്കുന്നുണ്ട്. 2022 കോമ്മൺവെൽത്ത് ഗെയിംസിലെ വെങ്കല മെഡൽ ജേതാവായ ജൈസ്മിൻ ലംബോറിയ ഏഷ്യൻ റെസ്‌ലിങ് ചാംപ്യൻഷിപ് 2023 ലെ വെങ്കല മെഡൽ ജേതാവ് ഋതിക ഹൂഡ എന്നിവരാണ് സേനയിൽ നിന്നുള്ള വനിത അത്‌ലറ്റുകൾ. കായിക മികവ് പ്രോത്സാഹിപ്പിക്കുന്നതിന് സൈന്യം പ്രതിജ്ഞാബദ്ധമാണെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&

## AMIT SHAH-JHARKHAND

കേന്ദ്ര ആഭ്യന്തര മന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ അമിത് ഷാ ഇന്ന് ഝാർഖണ്ഡിലെ റാഞ്ചിയിൽ സന്ദർശനം നടത്തും. ബിജെപിയുടെ വിശാല പ്രവർത്തക സമിതി യോഗത്തെ അദ്ദേഹം അഭിസംബോധന ചെയ്യും. പാർട്ടിയുടെ സ്റ്റേറ്റ് കോർ ഗ്രൂപ്പ് യോഗത്തിൽ പങ്കെടുക്കുന്ന അദ്ദേഹം പ്രവർത്തകരുമായി സംവദിക്കും. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിലെ പാർട്ടിയുടെയും മുന്നണിയുടെയും പ്രകടനം യോഗത്തിൽ അവലോകനം ചെയ്യും.

&&&&&&&&&&&&&&&&

## NEET RANCHI

നീറ്റ് - യു.ജി ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് റാഞ്ചിയിലെ രാജേന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ രണ്ടാം വർഷ MBBS വിദ്യാർത്ഥിയെ മാനേജ്മെന്റ് സസ്പെൻഡ് ചെയ്തു. ഇത് സംബന്ധിച്ച അന്വേഷണത്തിന് മാനേജ്മെൻറ് അഞ്ചംഗ സമിതി രൂപീകരിച്ചിരുന്നു. പേപ്പർ ചോർച്ചയുമായി ബന്ധമുണ്ടെന്ന് ഝാർഖണ്ഡിലെ രാംഗഢ് സ്വദേശിയായ വിദ്യാർത്ഥി സുരഭി കുമാരി നേരത്തെ സമ്മതിച്ചിട്ടുണ്ട്. കൂടുതൽ ചോദ്യം ചെയ്യുന്നതിനായി ഇവരെ മൂന്ന് ദിവസത്തെ കസ്റ്റഡിയിൽ വിട്ടു.

&&&&&&&&&&&&&&&&

## KN BALAGOPAL

കേന്ദ്ര ബജറ്റിനു മുന്നോടിയായി കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തെ അറിയിച്ചിരുന്നു എന്നും 24,000 കോടി രൂപയുടെ ആവശ്യം ഉന്നയിച്ചിരുന്നു എന്നും ധനമന്ത്രി കെ എൻ ബാലഗോപാൽ. തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&